# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ:  doekm.ksad@kerala.gov.in

ഫോൺ :  0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി10-1287/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി10-1287/21 തീയ്യതി: 06/01/2022

## എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
സജീവ് എൻ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
മെഴ്സി കെ.പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശാലിനി ബാബു | പ്രസിഡന്റ് | 04-09-2020 | 11-11-2020 |
| മേരി വിൻസെന്റ് എൻ.ജി. | പ്രസിഡന്റ് | 12-12-2020 | 31-03-2021 |
| എൻ.എം. ശോഭനകുമാരി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുരേഷ്കുമാർ പി.എസ്. | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ട്രീസ സുരേഷ് | ICDSസൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സ്മിത കെ.ബി. | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീകുമാർ ആർ | വി.ഇ.ഒ., എളങ്കുന്നപ്പുഴ | 01-04-2020 | 04-05-2020 |
| യേശുദാസ് സി.എ. | ഹൗസിംഗ് എക്സ്റ്റെൻഷൻ ഓഫീസർ , വൈപ്പിൻ | 05-05-2020 | 01-09-2020 |
| സൗജ | വി.ഇ.ഒ., കടമക്കുടി | 01-04-2020 | 31-03-2021 |
| ഷർമ്മില ടോമി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ. ദീപ വി.പി. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| സിന്ധു പി. ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 05-11-2020 |
| സംഗീത നായർ | കൃഷി ഓഫീസർ | 05-11-2020 | 31-03-2021 |
| ഡോ. ഹൃദ്യ ഉണ്ണിത്താൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 01-08-2020 |
| ഡോ. രശ്മി വി,എൻ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-08-2020 | 31-03-2021 |
| ഡോ. മനോജ് അഗസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.M.Sajeev (Asst. Audit Officer, On 18-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Joseph George (Senior Grade Auditor, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: N.M.Sajeev (Asst. Audit Officer, On 20-09-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 20-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.M.Sajeev (Asst. Audit Officer, On 20-09-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 20-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Mercy KP (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 17-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 17-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 20-09-2021)<br>Last Updated By: Joseph George (Senior Grade Auditor, On 20-09-2021) | 1-10 |
| 11 | ആശ്വാസമേകാത്ത ദുരിതാശ്വാസ നിധി<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 19-09-2021) | 1-11 |
| 12 | ഗ്രാമ സഭ<br>Written By: N.M.Sajeev (Asst. Audit Officer, On 19-09-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 19-09-2021) | 1-12 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-13 |
| 14 | ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-15 |
| 16 | ചരക്ക് സേവന നികുതി, പ്രളയ സെസ് - ഈടാക്കിയിട്ടില്ല.<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-16 |
| 17 | കമ്പനിക്കെട്ട് ലേലം- രേഖകൾ പൂർണ്ണമായും ലഭ്യമല്ല.<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-17 |

| | | |
|---|---|---|
| 18 | ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-18 |
| 19 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-19 |
| 20 | ലൈസൻസ് - അപാകതകൾ<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-20 |
| 21 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Betsy C.X (Auditor, On 22-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-21 |
| 22 | കോവിഡ് അവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 22-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-22 |
| 23 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-23 |
| 24 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 22-09-2021) | 1-24 |
| 25 | കുടിവെള്ളക്കരം ഭീമമായ കുടിശ്ശികയായി തുടരുന്നു.<br>Written By: N.M.Sajeev (Asst. Audit Officer, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-25 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.<br>Written By: Mercy KP (Auditor, On 16-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-26 |
| 27 | അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തി - സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കണം<br>Written By: Joseph George (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-27 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - ഒരേ വിദ്യാർത്ഥിക്ക് രണ്ട് തവണ ആനുകൂല്യം നൽകി<br>Written By: Mercy KP (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-28 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: N.M.Sajeev (Asst. Audit Officer, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-29 |
| 30 | സാമൂഹ്യ സുരക്ഷാ പെൻഷൻ.<br>Written By: Mercy KP (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-30 |
| 31 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 19-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-31 |

| | | |
|---|---|---|
| 32 | മെഡിക്കൽ ഓഫീസർ PHC കടമക്കുടി നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Mercy KP (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-32 |
| 33 | ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള കൺസൾട്ടൻസി ഫീസ് - അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-33 |
| 34 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ.<br>Written By: Mercy KP (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-34 |
| 35 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Mercy KP (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 10-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം<br>Written By: Joseph George (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 04-01-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 06.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19-02-2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 20,39,818 | 2,09,10,323 | (+)1,88,70,505 |
| വരവ് | 30,56,54,959 | 5,65,77,999 | (-)24,90,76,960 |
| ആകെ | 30,76,94,777 | 7,74,88,322 | (-)23,02,06,455 |
| ചെലവ് | 30,08,41,729 | 6,88,39,003 | (-)23,20,02,726 |
| നീക്കിയിരുപ്പ് | 68,53,048 | 86,49,319 | (+)17,96,271 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 24.90 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 23.20 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 81% -ൽ കുറവാണ് വാർഷിക ധനകാര്യപ്പത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 22.88% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി-നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 7,59,000 | 4,64,080 | 2,94,920 |
| വസ്തു നികുതി | 23,00,000 | 18,36,974 | 4,63,026 |
| ഡി & ഒ ലൈസൻസ് | 1,10,000 | 54500 | 55500 |
| വാടക | 125000 | 37250 | 87750 |

കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റ് 15,00,00,000/-രൂപ വകയിരുത്തിയെങ്കിലും 8067745/-രൂപ വരവ് വന്നിട്ടുള്ളത്. മൂലധന വായ്പ 6,00,00,000/-രൂപ വകയിരുത്തിയെങ്കിലും തൻവർഷം വരവില്ല. ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും പ്രായോഗികവുമാകേണ്ടതാണ് .

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021. | 18.06.2021 |

കടമക്കുടി ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ള പല രസീതികളും രജിസ്റ്ററിൽ ചേർത്തിരുന്നില്ല.അതുപോലെ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കുന്നില്ല.ആയതിനാൽഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

3. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളിൽ തിരികെ ലഭിക്കുന്ന തുക രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് സംബന്ധമായ (പ്രധാനമായും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ) ജോലികൾ പൂർത്തീകരിച്ചതായി വാർഡ് മെമ്പർമാർഫയലുകളിൽ രേഖാമൂലം അറിയിച്ചിട്ടുങ്കിലും വർഷങ്ങൾക്ക് ശേഷവും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്.

4. പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ കൃത്യമായ വരവ് തുക രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള കളക്ഷൻ തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

5. ലേല രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുക രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ ലേലത്തിന്റെയും തുക ലഭിക്കുന്നത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി പോസ്റ്റ് ചെയ്യുന്നില്ല. ഓരോ ലേലയിനത്തിന്റെയും വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. പുറമ്പോക്ക് തറവാടകയായി ലഭിക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

8. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

9. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Non Residential Buildings ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

10. വാർഷിക കണക്കുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ് ,വരവ് കണക്കുകളും ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ഓരോ സ്ഥാപനത്തിന്റെയും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി വരവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. Profession Tax -Institutions ഡി.സി.ബി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം തൊഴിൽ നികുതിയിനത്തിൽ തുക യൊന്നും ലഭിക്കാനില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20910323 |
| ഓഡിറ്റ് വർഷത്തെ വരവ് | 56577999 |
| ആകെ | 77488322 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68839003 |
| നീക്കിയിരിപ്പ് | 8649319 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21105 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 401038 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 16081800 | 16081800 | 13207576 | 2874224 |
| വികസന ഫണ്ട്-എസ്.സി.പി | | 3334000 | 3334000 | 2486271 | 847729 |
| വികസന ഫണ്ട്-ടി.എസ്.പി | | -- | -- | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 12172294 | 12172294 | 6808889 | 5363405 |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 4651000 | 4651000 | 4651000 | -- |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 3456681 | 3456681 | 2367526 | 1089155 |
| സാക്ഷരത | 31996 | 1620 | 33616 | -- | 33616 |
| സാനിട്ടേഷൻ | 1184400 | 1395655 | 2580055 | 1564900 | 1015155 |
| ബിഎസ് യുപി | 1375931 | 42724 | 1418655 | -- | 1418655 |
| അങ്കൺവാടി പൂരക പോഷകാഹാരം | 920430 | 716239 | 1636669 | 1239242 | 397427 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 157 | 62738050 | 135 | 41463618 | 8 | 127 | 22 | 79.61% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 842 | 668883 | 669725 | 664098 | 5627 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 21254246 | 21254246 | 21254246 | -- |
| ആകെ | 842 | 21923129 | 21923971 | 21918344 | 5627 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2160 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 5733700 | 378 |
| വിധവാപെൻഷൻ | 8087400 | 532 |
| വാർദ്ധക്യകാലപെൻഷൻ | 16384200 | 1376 |
| വികലാംഗപെൻഷൻ | 2762700 | 190 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 686300 | 51 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2402/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തിരികെ നല്കുന്ന തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.
4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5. രസീത് ബുക്കുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുമ്പോൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ ഉദ്യോഗപ്പേര് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
6.സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.

7.വി. ഇ.ഒ, ഫിഷറീസ് ഓഫീസർ, അസി എഞ്ചിനിയർ തുടങ്ങിയ നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക് കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം നിർദ്ദേശിക്കുന്ന ടി. ആർ 7A ഫോർമാറ്റിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
8.പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2021 | 1.10.2020 മുതൽ 3.12.2020 വരെ | 3.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2020 | 2014-15 മുതൽ 2018-19 വരെ | 4.05.2020 |

## 1-11 ആശ്വാസമേകാത്ത ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. കടമക്കുടി ഗ്രാമ പഞ്ചായത്തിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കടമക്കുടി ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുള്ളത് 28.8.2018 ലാണ്. 6.9.2018 ൽ സംഭാവനയായി ലഭിച്ച 50000/- രൂപയാണ് ടി അക്കൗണ്ടിലെ ആകെ വരവ്. പ്രസ്തുത ഫണ്ടിൽ നിന്നും നാളിതുവരെ ആർക്കും ധനസഹായം അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2021)നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 53928/- രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നും ടി ഇനത്തിൽ സംഭാവനകളൊന്നും തന്നെ ലഭ്യമാകാത്ത സാഹചര്യമാണുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-12 ഗ്രാമ സഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ രാജ്യത്താകമാനം കോവിഡ് വ്യാപന സാഹചര്യമായതിനാൽ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുവാൻ ഗ്രാമസഭകൾക്ക് സാധിച്ചിട്ടില്ല. 2020- 2021 സാമ്പത്തിക വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | ഫെബ്രുവരി2021 | 1.2020-21 ഗുണഭോക്തൃലിസ്റ്റ് അംഗീകാരം<br>2.എംജിഎൻആർഇജിഎസ് 2021-22 വ്യക്തിഗത വർക്കുകൾ അംഗീകരിക്കൽ<br>3.ലൈഫ് എസ്.സി,എസ്.ടി, ഫിഷറീസ് അഡീഷണൽ ലിസ്റ്റ് അംഗീകാരം.<br>4.ഒ.ഡി.എഫ് അംഗീകാരം. |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

*1. മാനവൽ രസീത്*

1. ഓരോ രസീത് ബുക്കും അവ ലഭ്യമായ ഉടൻ സൂക്ഷ്മമായി പരിശോധിച്ച്, ഓരോ ബുക്കിലേയും ഫാറങ്ങളുടെ എണ്ണം പരിശോധിച്ച്, നിശ്ചിത മാതൃകയിലുള്ള, പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രസീത് ബുക്കിന്റെ പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർത്ത് സെക്രട്ടറി/അക്കൗണ്ടന്റ്/ചുമതലപ്പെട്ട ത്തിയ ഉദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല.

2. രസീത് കളക്ഷൻ രജിസ്റ്ററിൽ തീയതി, രസീത് നം., തുക എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

3. രസീത് ബുക്ക് മുഖേനയുള്ള പിരിവ് തുകയ്ക്ക് രസീതിന്റെ പകർപ്പ് ഉപഭോക്താവിന് നൽകേണ്ടതിനു പകരം അസ്സൽ തന്നെ നൽകി. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നത് കൊണ്ടുള്ള പ്രയോജനം ലഭിക്കാതെ പോകുന്നതിന് ഇത് കാരണമാകുന്നു. കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിരിക്കുന്ന 16548 നം. രസീത് ബുക്കിലെ മുഴുവൻ പിരിവ് തുകയ്ക്കും രസീതിന്റെ പകർപ്പ് നൽകേണ്ടതിനു പകരം അസ്സൽ തന്നെ നൽകി. രസീത് ബുക്കിന്റെ ഉപയോഗക്രമത്തേക്കുറിച്ച് അറിവില്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകത സംഭവിച്ചതെന്ന് കൃഷി ഓഫീസർ നേരിട്ടറിയിക്കുകയുണ്ടായി. ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് ഇഷ്യൂ ചെയ്തിരിക്കുന്ന എല്ലാ രസീതുബുക്കുകളിലും ഈ അപാകത കാണുന്നു. അതിനാൽ ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് രസീത് ബുക്കിന്റെ ഉപയോഗക്രമത്തേക്കുറിച്ചുള്ള നിർദ്ദേശം കൊടുക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. കൃഷി ഓഫീസർക്ക് 19.03.2021-ൽ ഇഷ്യൂ ചെയ്തിരിക്കുന്ന രസീത് ബുക്ക് നം.16561 ഉപയോഗിച്ചിട്ടില്ല.
ഒരു രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ച് തീർന്നതിനു ശേഷം മാത്രമാണ് അടുത്തത് ഇഷ്യൂ ചെയ്യേണ്ടത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ അശ്രദ്ധയാണിത് കാണിക്കുന്നത്.

6. രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഈ അപാകത സൂചിപ്പിച്ചിട്ടുള്ളതാണെങ്കിലും വീണ്ടും അതേ അപാകത തുടരുന്നു. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഇത് ശ്രദ്ധിക്കേണ്ടതാണ്.

2. സാംഖ്യ രസീതുകൾ

1. 2020-21 വർഷം ഉപയോഗിച്ചിരിക്കുന്ന സാംഖ്യ രസീതുകൾ മുഴുവനായും പരിശോധിക്കുവാൻ പറ്റാത്തവിധം അലസമായി, ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നതിനാലും, ഭൂരിഭാഗം രസീതുകളിലും രേഖപ്പെടുത്തിയിരിക്കുന്ന തീയതികൾ വ്യക്തമല്ലാത്തതിനാലും ഈ വർഷത്തിൽ സാംഖ്യ രസീതുകൾ മുഖേനെയുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. ഫ്രണ്ടോഫീസിൽ ഉപയോഗിക്കുന്ന പ്രിന്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

2. സ്റ്റോക്കിലെടുത്ത സാംഖ്യ രസീതുകൾ അടുക്കും ചിട്ടയോടും കൂടിയും, രസീത് സ്റ്റോക്ക് രജിസ്റ്റർ കാലികമായും സൂക്ഷിക്കുന്നുണ്ട്.

രസീതുകൾ വളരെ ശ്രദ്ധയോടും കാര്യഗൗരവത്തോടും ഉത്തരവാദിത്വത്തോടും കൂടി കൈകാര്യം ചെയ്യേണ്ടതാകയാൽ മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയുടെയും മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടേയും കൂടുതൽ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 3 പ്രകാരമുള്ള, മെഷീൻ നമ്പറോടുകൂടിയ, ലഭ്യമായതും വിതരണം ചെയ്തതുമായ രസീത് പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന (ഓരോന്നിലേയും ഫാറങ്ങളുടെ എണ്ണം സഹിതം) സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല. കൂടാതെ കുറെ വർഷങ്ങൾക്ക് മുൻപ് ഇഷ്യൂ ചെയ്ത, ബുക്ക് നമ്പറും രസീത് നമ്പറും ഇല്ലാത്ത , ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പ് എടുക്കാൻ പറ്റാത്ത, രസീത് ബുക്കാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഈ അപാകത പരിഹരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും കമ്പനികളുടേയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്വയംഭരണസ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ അനുസരിച്ച് ശമ്പളത്തിന്റെ/ വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കുകയും നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി ചുമത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകേണ്ടതുമാണ്.

എന്നാൽ നികുതി അടവാക്കിയിരിക്കുന്നവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ മാത്രമാണ് ഇവിടെ സൂക്ഷിച്ച് വരുന്നത്. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. അപാകത വീണ്ടും തുടരുന്നു. നിയമാനുസൃതമായ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശിക ഡിമാൻറ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഈ അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ അവരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (ഇതിനോടനുബന്ധിച്ച് എൻക്വയറി (നം.13) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല) ഈ സ്ഥാപനങ്ങളിലെ തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | ജെയീസ് എഞ്ചിനീയേഴ്സ്, മൂലമ്പിള്ളി പഞ്ചായത്ത് റോഡ്. |
| 2. | റിച്ചൂസ് വാട്ടർ ഫിൽട്ടർ, കണ്ടനാട് ബോട്ട് ജെട്ടി റോഡ്. |
| 3. | ഹൈടെക്ക് സിഎടിവി നെറ്റ് വർക്ക്, ഹൈ-ടെക്ക് കമ്മ്യൂണിക്കേഷൻ, ശിവ പാർവ്വതി ടെമ്പിൾ റോഡ്. |
| 4. | എ.എ.ഐ.എസ്. സൂപ്പർ മാർക്കറ്റ്, കണ്ടെയ്നർ റോഡ്. |
| 5. | ഫ്രെസ്കോ ഫാമിംഗ് ആൻറ് ജനറൽ ട്രേഡിംഗ്, മാളൂട്ടി ജംഗ്ഷൻ. |
| 6. | റിയോ ആർ.സി.എം.ഹെൽത്തി ഷോപ്പ്, വായനശാല റോഡ്. |
| 7. | അയനം ഇൻഡസ്ട്രീസ്, എലൈറ്റ് ആർട്സ് ക്ലബ് റോഡ്. |
| 8. | നവ കെയർ ആയുർവേദ ഫാർമസി, ആസ്റ്റർ മെഡിസിറ്റിക്ക് സമീപം. |
| 9. | സെന്റ് ജോസഫ് ഹോസ്പിറ്റൽ അനക്സ്, ഇ.ബി.ബി.ഇ. സെന്റർ, കോതാട്. |
| 10 | കെ.എൻ ആർ, ഫുഡ് പ്രോഡക്ട്സ്, വായനശാല റോഡ്, കോതാട്. |
| 11. | പ്ലാനറ്റ് ട്രേഡിംഗ്, കണ്ടെയിനർ റോഡ് |
| 12. | ഗ്രാമിക , കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക്,കോതാട്. |
| 13. | പീജോ ട്രേഡേഴ്സ്, കോതാട് |
| 14. | കടമക്കുടി ടൂർ ആൻറ് ട്രാവൽ ഏജൻസി, പിഴല ബോട്ട് ജെട്ടി റോഡ്. |
| 15. | സെന്റ് ആന്റണീസ് എഞ്ചിനീയറിംഗ് വെൽഡിംഗ് വർക്ക് ഷോപ്പ്, കോതാട്. |
| 16. | ജി2 കൺസ്ട്രക്ഷൻ, ആൻഡ്രൂസ് ലെയിൻ റോഡ്. |

## 1-16 ചരക്ക് സേവന നികുതി, പ്രളയ സെസ് - ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ കാരിക്കാട്ട് ഉരുത്ത് സാംസ്കാരിക നിലയത്തിന്റെ വാടകയിനത്തിൽ പഞ്ചായത്തിലേക്ക് ലഭ്യമായിരിക്കുന്ന വരുമാനത്തിന്മേൽ ചരക്ക് സേവന നികുതി, പ്രളയ സെസ് എന്നിവ ഈടാക്കിയിട്ടില്ല 14ാം നമ്പറായി എൻക്വയറി കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചരക്ക് സേവന നികുതി, പ്രളയ സെസ് എന്നിവ ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-17 കമ്പനിക്കെട്ട് ലേലം- രേഖകൾ പൂർണ്ണമായും ലഭ്യമല്ല.

കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള, വലിയ കടമക്കുടി വാർഡ് ഒന്നിലെ കമ്പനിക്കെട്ടിന്റെ (01.4480 ഹെക്ടർ, സർവ്വെ നം. 44,45,46) 2020-21 വർഷത്തെ ലേലമിനത്തിൽ 78,500/-രൂപ കോരമ്പാടം കോ-ഓപ്പറേറ്റീവ് ബാങ്കിൽ (അക്കൗണ്ട് നം.1979) 31.12.2020-ൽ വരവ് വന്നിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി എൻക്വയറി കൊടുത്തെങ്കിലും മറുപടി ഹാജരാക്കിയില്ല. ലേലം നടന്ന തീയതി, ലേലത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ , ആകെ ലേല തുക, ലേലം കൊണ്ടത് ആര് , ലേലമിനത്തിലുള്ള ആകെ വരവിൽ പഞ്ചായത്തിന്റെ വിഹിതമെത്ര തുടങ്ങിയ വിവരങ്ങളടങ്ങുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. "വലിയ കടമക്കുടി കമ്പനിക്കെട്ട് ലേലം" പൂർണ്ണമായ വിവരങ്ങളടക്കം, ലേലരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ലേലരജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-18 ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ ഇടപ്പള്ളി ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലാണ് (നം. 37180599557) 31.10.2019 മുതൽ ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് വന്നിട്ടുള്ളത്. പ്രസ്തുത അക്കൗണ്ട് 20.9.2017 ൽ ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ 31.10.2019 മുതലുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്. (പ്രസ്തുത തീയതിയിൽ മുന്നിരുപ്പില്ല.) ഇ ടെണ്ടർ മുഖേനയുള്ള തുകകൾ മാത്രമാണ് ടി അക്കൗണ്ടിൽ വരവുള്ളത്. അക്കൗണ്ടിൽ നിന്നും തുകകൾ പിൻവലിച്ചിട്ടില്ല. 31.3.21 ലെ നീക്കിയിരുപ്പ് തുക 49826/- രൂപ. അസി.എഞ്ചിനിയർ ക്യാഷ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. 31.10.2019 ന് മുമ്പുള്ള ഇ ടെണ്ടർ ഇനത്തിലെ ടെണ്ടർ ഫീസ് സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/15.9.21 ) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ 31.10.2019 ന മുമ്പുള്ള തുകകൾ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലാണ് വരവുള്ളതെന്നും, ടി തുക തിരികെ ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതായും, അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുക കൃത്യമായ കണക്ക് സഹിതം തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. ടി ഇനത്തിൽ വന്നിട്ടുള്ള വരവിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/ 14.9.21 ) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ്ജ് തുക ഈടാക്കിയിട്ടില്ലാത്തതായും മേലിൽ തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-20 ലൈസൻസ് - അപാകതകൾ

ജി.ഒ(പി) നമ്പർ 80/2017/തസ്വഭവ തീയതി, 31.10.2017 പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളായി തരംതിരിച്ചാണ് ലൈസൻസ് ഈടാക്കേണ്ടത്. ഇതനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി 28.04.2018-ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും അപ്രകാരം നടപ്പിലാക്കിയിട്ടില്ല. ലൈസൻസിനും, ലൈസൻസ് പുതുക്കി നൽകുന്നതിനുമുള്ള എല്ലാ അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കി കാലാകാലം പുതുക്കേണ്ടതും ആയത് പ്രകാരം രജിസ്റ്റർ തയ്യാറാക്കി ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

## 1-21 ഓഡിറ്റ് ഇംപാക്റ്റ്

ജിസ്സ റോസ് ജോൺസൺ, എൽ.ഡി. ക്ലർക്കിന് 29.03.2021-ൽ ഇഷ്യു ചെയ്ത രസീത് ബുക്ക് നം.16562 (രസീത്. നം. 19 മുതൽ 25 വരെ) പ്രകാരം 31.03.2021 തീയതിയിൽ 3440/- രൂപ പിരിച്ചെടുത്തു. എന്നാൽ 3109/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയത്. കുറവ് വന്ന 331/-രൂപ ഓഡിറ്റ് എൻക്വയറി നം. 15-ന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയിൽ നിന്നും രസീത് നമ്പർ 121010100722/17.09.2021 പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്.

## 1-22 കോവിഡ് അവലോകനം

കടമക്കുടി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 166/21 നമ്പർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വെച്ചിരുന്നുവെങ്കിലും 2021-22 വർഷമാണ് നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തിലെ ഗവണ്മെന്റ് വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂളിൽ 10.11.2020 തീയതിയിൽ ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തിച്ചിരുന്നു. തികച്ചും സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിലാണ് ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനം. ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മ വിശകലനം ചെയ്ത് ആയത് പരിഹരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 എപ്രിൽ മെയ് മാസങ്ങളിൽ വാർ റൂം,ഹെൽപ്പ് ഡെസ്ക് എന്നിവ പ്രവർത്തിച്ചിരുന്നുവെങ്കിലും

നിലവിൽ പ്രവർത്തിക്കുന്നില്ല. ഡൊമിസിലിയറി കെയർ സെന്റർ ന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും ,സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പേഴ്സമാണ്. കമ്മ്യൂനിറ്റി കിച്ചനുകളിൽ നിന്നും യഥാസമയം ഭക്ഷണം എത്തിക്കുന്നതിനും ഡൊമിസിലിയറി കെയർ സെന്റർറുടെ പ്രവർത്തനങ്ങൾക്കും യൂത്ത് വോളന്റിയർമാർ നൽകുന്ന സേവനം വിലപ്പെട്ടതാണ്. ഓരോ വാർഡിലും 50 വീടുകളുടെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാക്സിനേഷന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി ആളുകൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടമക്കുടി ഗ്രാമപഞ്ചായത്തിലെ ഗവണ്മെന്റ് ഹൈസ്കൂളിലെ ലാപ് ടോപ് ഹെൽത്ത് ഡെസ്കിലേക്ക് വിട്ടുനൽകിയിട്ടുണ്ട്. ഇതിനെല്ലാം കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്.സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ പിഴല ബ്രാഞ്ചിൽ 732902010003470 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്.ബാങ്ക് പാസ് ബുക്ക് ,വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. വാർഡ് തലത്തിൽ 2 പൾസ് ഓക്സിമീറ്റർ വീതം വാങ്ങി നൽകിയിട്ടുണ്ട്. ഇംപാക്ടീവ്,കാക്കനാട് എന്ന സ്ഥാപനം ആശാ പ്രവർത്തകർക്ക് 25 പൾസ് ഓക്സിമീറ്റർ സംഭാവനയായി വാങ്ങി നൽകിയിട്ടുണ്ട്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി തനതു ഫണ്ടിൽ നിന്നും 100661/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാൻഫണ്ടിൽ നിന്നും 500000/-രൂപയുടെ പ്രോജക്ട് തയ്യാറാക്കിയെങ്കിലും 2021-22 സാമ്പത്തിക വർഷത്തിലാണ് ചെലവ് വന്നിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## 1-23 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല.

2020-21 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|---|
| | | | | ബാരൽ വില | ജി.എസ്.ടി |
| 1 | ഐലന്റ് ആർട്ട്സ് ക്ലബ് റോഡ് മെയിന്റനൻസ് (96/20)<br>പി.വി.ജോസഫ്<br>എം.ബുക്ക്- 75/19-20<br>ബിൽ നം.<br>14/14.8.20 – 772787/-<br>28/17.12.20 – 72521/- | വി.ജി-30 - 2781kg<br>ആർ.എസ്.1 – 304kg<br>എസ്.എസ്.1 -382kg | 21 | 4998 | 903 |
| 2 | ചേന്നൂർ പിഴലക്കടവ് റോഡ് റീടാറിംഗ് (149/21) പി.വി.ജോസഫ്<br>എം.ബുക്ക്- 58,198/20-21<br>ബിൽ നം. 50/28.3.21 – 1192564/- | വി.ജി-30 - 8056.85kg<br>ആർ.എസ്.1 – 725.63kg | 54 | 12852 | 2322 |
| | ആകെ | | | 17850 | 3255 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കുന്നില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%)

കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | ആൻഡ്രൂസ് റോഡ് മെയിന്റനൻസ് -സംയുക്തം (115/20) ശ്രീ.പി.വി.ജോസഫ്, പി.എ.സി- 819818/- | 20.11.2019<br>3 മാസം<br>19.02.2020 | 17.03.2020 | 24595 (3%) | 12/19.6.20 |
| 2 | ചരിയംതുരുത്ത് പുതുശ്ശേരി നോർത്ത് - സംയുക്തം (91/20) ശ്രീ.പി.വി.തോമസ്, പി.എ.സി- 1307151/- | 11.12.2019<br>3 മാസം<br>10.3.2020 | 30.7.2020 | 56207 (3+1.3%) | 22/9.11.20 |
| 3 | വാർഡ് 1 – കാന, കവർ സ്ലാബ്, റോഡ് മെയിന്റനൻസ് (32/20) ശ്രീ.പി.വി.തോമസ്, പി.എ.സി- 150000/- | 7.11.2019<br>3 മാസം<br>6.2.2020 | 22.2.21 | 12300 (3+5.2%) | 46/23.3.21 |
| | ആകെ | | | 93102 | |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/17.9.21) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത പ്രവൃത്തികളിലെ 3 പ്രവൃത്തികൾ കോവിഡ് കാലയളവിൽ ഉള്ളതായതിനാൽ മെറ്റീരിയൽസ് ലഭിക്കാത്തത് മൂലമാണ് പൂർത്തീകരണത്തിൽ താമസ്സം നേരിട്ടതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കാലാവധി നിട്ടി നൽകുന്നതിനാവശ്യമായ യാതൊരുവിധ നടപടിക്രമങ്ങളും പാലിക്കാതെയുള്ള പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. എന്നിരുന്നാലും ലോക്ക് ഡൗൺ കാലയളവിലുണ്ടായിരുന്ന പ്രവൃത്തികൾ പിഴ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു. ബാക്കിയുള്ള പ്രവൃത്തികളിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട 93102/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-25 കുടിവെള്ളക്കരം ഭീമമായ കുടിശ്ശികയായി തുടരുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | എസ്0073 /കുടിവെള്ളക്കരം കുടിശ്ശിക |
| അടങ്കൽ | 2442661/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | 1) 500000/-(ബിൽ നമ്പർ/തീയതി-37/20-21/23.10.2020)<br>2) 4581/-(ബിൽ നമ്പർ/തീയതി-60/20-21/16.02.2021)<br>3) 1938080/-(ബിൽ നമ്പർ/തീയതി-61/20-21/11.02.2021)<br>ആകെ 2442661/രൂപ |

ഗ്രാമ പഞ്ചായത്തിൽ ഭീമമായ തുകയാണ് വെള്ളക്കരം ഇനത്തിൽ കുടിശ്ശികയുള്ളത്. നിലവിലില്ലാത്ത കണക്ഷനുകളുടെ ഉൾപ്പെടെ വാട്ടർ ബിൽ വരുന്നതിനാലാണ് ഇപ്രകാരം ഭീമമായ തുക കുടിശ്ശിക വരുന്നത്. വാട്ടർ ബില്ലിലെ അപാകതകൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിൽ 2013 ഏപ്രിൽ വരെ 190 ടാപ്പുകളാണ് ഉണ്ടായിരുന്നത്.ആയതിന്റെ വെള്ളക്കരം 55417 രൂപ കൃത്യമായി അടച്ചിട്ടുള്ളതായി ഫയൽ നമ്പർ S3-2382/18 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2012 ലെ സംയുക്ത പരിശോധനയിൽ

189 ടാപ്പുകൾ കൂടി ഉള്ളതായും ആയത് ഉൾപ്പെടെ 379 ടാപ്പുകളുടെ വെള്ളക്കരത്തിന്റെ ബിൽ ആണ് വാട്ടർ അതോറിറ്റി നൽകുന്നത്. പഞ്ചായത്തിന്റെ ഫയൽ പ്രകാരം 189 ടാപ്പുകൾ അനധികൃതമാണ്. അനധികൃത ടാപ്പുകളുടെ ഉപയോഗത്തിനും ഉൾപ്പെടെയാണ് പഞ്ചായത്തിന് നിലവിൽ വാട്ടർ അതോറിറ്റിയുടെ ബിൽ ലഭിക്കുന്നത്. വാട്ടർ ചാർജ് കുറവ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് 23.1.2018 ൽ എസ് 3-953/15 നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. 05.01.2019 ലെ ആർ.ഒ/1478/18 നമ്പർ എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ കത്തിൽ 2019 ജനവരി-31നകം കുടിശ്ശികയായ 9968446/- രൂപ അടയ്ക്കുകയാണെങ്കിൽ ബാദ്ധ്യത ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിരുന്നു. കൂടാതെ ടി കത്തിൽ അനധികൃത ടാപ്പുകൾ സംബന്ധിച്ച് ഇതുവരെ യാതൊരു തർക്കവും പഞ്ചായത്ത് രേഖാമൂലം വാട്ടർ അതോറിട്ടിയെ അറിയിച്ചില്ലായെന്നും ഉൾപ്പെടുത്തിയിരുന്നു. ഇത് തികച്ചും അർദ്ധ ശൂന്യമായ പരാമർശമായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് നിരന്തരം ഇത് സംബന്ധിച്ച് വാട്ടർ അതാറിട്ടിയുമായി ചർച്ചകൾ നടത്തിയിരുന്നു. 29.01.2019 ൽ നടന്ന 6(1) നമ്പർ പഞ്ചായത്ത് കമ്മറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലേയും പൊതു ടാപ്പുകളുടെ ലിസ്റ്റ് കണക്കാക്കുന്നതിന് ഓരോ വാർഡിലേയും കുടുംബശ്രീ അംഗങ്ങളെ നിയോഗിക്കുന്നതിന് സി.ഡി.എസ് ചെയർപേഴ്സനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃത ടാപ്പുകൾ നിർത്തലാക്കുകയും ചെയ്തു. 08.06.2020ലെ പഞ്ചായത്ത് കമ്മറ്റിയുടെ 9/1 നമ്പർ തീരുമാന പ്രകാരം ആകെ 13 വാർഡിൽ ഓരോ വാർഡിലും 2 ടാപ്പ് വീതം നിലനിർത്തുകയും ബാക്കി ടാപ്പുകൾ നിർത്തലാക്കുകയും ചെയ്തു. ഈ വിവരം വാട്ടർ അതോറിട്ടിയെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

2) മാർച്ച് 2021 ലെ വാട്ടർ ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഓപ്പണിംഗ് ബാലൻസ് | 2,42,31,365 |
| ഫൈൻ | 4,74,619 |
| ഡിമാന്റ് | 1,65,813 |
| ആകെ | 2,48,71,797 |

തൻവർഷം 2442661/രൂപ ഈ ഇനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസം വരുത്താതെ ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളകരം നിലവിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനക്രമീകരിക്കുന്നതിനും കുടിശ്ശിക ഒറ്റതവണ തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ട് കുറവുള്ള പഞ്ചായത്ത് നിലവിലെ ബാധ്യത തീർപ്പാക്കുന്നതിന് ടി വിഷയം സർക്കാരിലേക്ക് അറിയിക്കാവുന്നതാണ്.

## 1-26 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിൻറെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | 34/20-21 |
| അടങ്കൽ | 150000/- |
| ചെലവ് | 150000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പ്രോജക്ടിനായി പ്രൊഫോമ ഇൻവോയ്സ് നം. PF 359/ Dtd. 25.08.2020 പ്രകാരം ഹോംകോ ആലപ്പുഴയ്ക്ക് 150000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയത് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. തുക നൽകിയതിനുശേഷം ഒരു വർഷത്തിലധികമായിട്ടും മരുന്നുകൾ ലഭിക്കാതിരിക്കുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിച്ച വിവരം അറിയിക്കുന്നതു വരെ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തി - സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കണം

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-82/2021) ഭാഗമായി അംഗൻവാടികളിൽ കി.ഗ്രാമിന് 70 രൂപ നിരക്കിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് എടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 156/30.03.2020 | 46060 | 2303.00 | ട്രഷറി ബിൽ 09/08.10.2020 |
| 2 | 178/30.04.2020 | 46480 | 2324.00 | ട്രഷറി ബിൽ 05/13.8.2020 |
| 3 | 180/30.05.2020 | 46480 | 2324.00 | ട്രഷറി ബിൽ 05/13.8.2020 |
| 4 | 195/26.06.2020 | 46480 | 2324.00 | ട്രഷറി ബിൽ 05/13.8.2020 |
| 5 | 229/13.10.2020 | 51030 | 2551.50 | ട്രഷറി ബിൽ 17/13.03.2021 |

| | | | | |
|---|---|---|---|---|
| 6 | 244/25.11.2020 | 51450 | 2572.50 | ട്രഷറി ബിൽ 17/13.03.2021 |
| 7 | 259/29.12.2020 | 53480 | 2674.00 | NEFT-Central Share |
| 8 | 274/28.12.2020 | 55230 | 2761.50 | ട്രഷറി ബിൽ 23/25.03.2021 |
| | Total | | 19,834.50 | |

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/dt 16/09/2021) ക്ക് ഹാജരാക്കിയ മറുപടിയിൽ ജി.എസ്.ടി കൂടെ ഉൾപ്പെട്ട തുക നൽകുന്നതിന് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചത് പ്രകാരമാണ് ജി.എസ്.ടി അടക്കമുള്ള തുക നൽകി വരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - ഒരേ വിദ്യാർത്ഥിക്ക് രണ്ട് തവണ ആനുകൂല്യം നൽകി

| | |
|---|---|
| പ്രൊജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ |
| പ്രൊജക്ട് നം | 7/2020-21 |
| അടങ്കൽ | 165000/- |
| ചെലവ് | 156800/- |
| ബിൽ നം. | 1/2020-21 /16.03.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | H.M. GVHSS Kadamakkudy |

മേൽ പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിനായി 156800/- രൂപ ചെലവഴിച്ച് വിതരണ രജിസ്റ്റർ പ്രകാരം 32സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. ( 4900 X 32 = 156800)

2. തൻവർഷം വാങ്ങൽ നടത്തിയപ്പോൾ മുൻവർഷം വിതരണം ചെയ്യാതെ ബാക്കിയുള്ള സ്റ്റോക്ക് കണക്കിലെടുത്തില്ല.

3. ഇതിൽ 2019-20 ൽ ആനുകൂല്യം കൈപ്പറ്റിയ കുട്ടിക്ക് വീണ്ടും 2020-21 ൽ ആനുകൂല്യം നൽകി.

| പേര്, മേൽവിലാസം | വാർഡ് നം | വർഷം /ക്രമ നം | വർഷം /ക്രമ നം |
|---|---|---|---|
| നന്ദന ദിലീപ്, തിട്ടയിൽ ഹൗസ്, കടമക്കുടി | IX | 2019-20 - 13 | 2020-21 - 26 |

4. വിതരണ രജിസ്റ്റർ പ്രകാരം ആനുകൂല്യം നൽകിയ 32വിദ്യാർത്ഥികളും ഈ ആനുകൂല്യം ഇതിനു മുൻപ് കൈപ്പറ്റിയിട്ടില്ല എന്ന പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

5. 2019-20 ൽ ആനുകൂല്യം കൈപ്പറ്റാൻ ആളില്ലാതെ 5 പേരെ പുറമേനിന്ന് തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയതിനു ശേഷവും 5സെറ്റ് ബാക്കി നിൽക്കെ വീണ്ടും 2020-21 ൽ ഇതേ പ്രോജക്ടിന് അംഗീകാരം നൽകി 165000/- രൂപ വകയിരുത്തുകയും 156800/- രൂപ ചെലവഴിക്കുകയും ചെയ്തതിന് ഗ്രാമപഞ്ചായത്ത് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (No. 6) SC വിദ്യാർത്ഥികൾക്ക് വളരെ കുറച്ച് പദ്ധതികളാണുള്ളത് എന്ന് മറുപടി നല്കിയിട്ടുണ്ട്. നന്ദന ദിലീപ് എന്ന കുട്ടിയിൽ നിന്ന് മേശയും കസേരയും തിരിച്ച് വാങ്ങി അർഹിക്കുന്ന മറ്റൊരു കുട്ടിക്ക് നൽകുന്നതാണെന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിലും ബന്ധപ്പെട്ടവർ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്. 2019-20 ൽ ആനുകൂല്യം കൈപ്പറ്റിയ കുട്ടിക്ക് വീണ്ടും 2020-21 ൽ ആനുകൂല്യം നൽകിയതിനാൽ ടി ചെലവ് തുക 4900/- തടസ്സപ്പെടുത്തുന്നു.

## 1-29 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ / പേര് | അടങ്കൽ | തുക കൈപ്പറ്റിയ സ്ഥാപനം | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | SO 181/21 മൂലമ്പിള്ളി പള്ളി ജംഗ്ഷൻ മുതൽ പാണ്ടൻ വാലി കൾവർട്ട് വരെയുള്ള വാട്ടർ അതോറിറ്റി പൈപ്പ് മാറ്റിവെക്കൽ | 9,50,000/- | KWA | 9,50,000/- | ബിൽ നമ്പർ/തീയതി-97/20-21-28.03.2021-9,50,000/- |
| 2 | കോതാട് കണ്ണാട്ടുകരയിലെ വാട്ടർഅതോറിട്ടിയുടെ പൈപ്പ് മാറ്റി സ്ഥാപിക്കൽ | 1,50,000/- | KWA | 1,50,000/- | ബിൽ നമ്പർ/തീയതി-96/20-21-28.03.2021-1,50,000/- |
| 3 | SO 027/21 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 86316 | KSEB | 83838 | ബിൽ നമ്പർ/തീയതി-71/20-21-28.03.2021-18230/-<br>ബിൽ നമ്പർ/തീയതി-02/20-21-12.05.2020-65608/- |
| 4 | 172/21 ജൽ ജീവൻ മിഷൻ | 225000 | KWA | 225000 | ബിൽ നമ്പർ/തീയതി-66/20-21-18.02.2021-175000/- |

| | | | | | |
|---|---|---|---|---|---|
| | | | | | ബിൽ നമ്പർ/തീയതി-67/20-21-18.02.2021-50000/- |
| 5 | 78/21 പോസ്റ്റ് ഷിഫ്റ്റിംഗ് | 80000 | KSEB | 80000 | ബിൽ നമ്പർ/തീയതി-26/20-21-08.09.2020-36040/-<br>ബിൽ നമ്പർ/തീയതി-57/20-21-09.02.2021-36005/-<br>ബിൽ നമ്പർ/തീയതി-83/20-21-18.03.2021-7955/- |
| 6 | 78/21 പോസ്റ്റ് ഷിഫ്റ്റിംഗ് | 107694 | KSEB | 105588 | ബിൽ നമ്പർ/തീയതി-46/20-21-13.01.2021-57692/-<br>ബിൽ നമ്പർ/തീയതി-70/20-21-28.02.2021-9551/-<br>ബിൽ നമ്പർ/തീയതി-82/20-21-18.03.2021-6571/-<br>ബിൽ നമ്പർ/തീയതി-73/20-21-28.02.2021-31774/- |
| 7 | 186/21 ഫിക്സിംങ്ങ് എ.സി.വാൽവ് – കോതാട് വാട്ടർ അതോറിട്ടിയുടെ | 67000 | KWA | 67000 | ബിൽ നമ്പർ/തീയതി-95/20-21-28.03.2021 |

മേൽ പ്രോജക്ടുകൾക്ക് നൽകിയ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തി ഹെഡിലേക്ക് തുക ക്രമീകരിക്കേണ്ടതാണ്.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷൻ.

(എ) വിധവ പെൻഷൻ വിതരണം - ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷം പെൻഷൻ സസ്പെൻഡ് ചെയ്യുന്നില്ല.

സേവന സോഫ്റ്റ്‌വെയർ വഴിയുള്ള പെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷം പെൻഷൻ സസ്പെൻഡ് ചെയ്യാത്തതുമൂലം നിലവിലും പെൻഷൻ വിതരണം നടന്നുകൊണ്ടിരിക്കുന്നതായും തുകകൾ കൈപ്പറ്റുന്നതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര്, ആധാർ നം. /പെൻഷൻ ഐ.ഡി, അപാകത | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഫിലോമിന ഡിസെൽവ<br>256189489217,<br>മരണപ്പെട്ടതിനുശേഷം 8/2021 വരെ തുക കൈപ്പറ്റിയിട്ടുണ്ട് | 26.04.2020<br>വിധവ പെൻഷൻ | 23300/- | നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 2 | ബാർബര പൈലി<br>846991254275, മരണപ്പെട്ടതിനുശേഷം 8/2021 വരെ തുക കാണിക്കുന്നുണ്ട്, അക്കൗണ്ടിൽ നിക്ഷേപിക്കാൻസാധിച്ചില്ല | 14.04.2020<br>വിധവ പെൻഷൻ | 23300/- | നിലവിലുംആക്ടീവ് ആയി തുടരുന്നു, അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിക്കാത്ത തുക നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. |

09.10.2020 ലെ DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻറെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ നിർദേശം പാലിക്കാതെ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് തുടർന്നും തുകകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്, പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( No. 2) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

(ബി) വാർധക്യ പെൻഷൻ വിതരണം- ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം തുടരുന്നു.

ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷം പെൻഷൻ സസ്പെൻഡ് ചെയ്യാത്തതുമൂലം നിലവിലും പെൻഷൻ വിതരണം നടന്നുകൊണ്ടിരിക്കുന്നതായും തുകകൾ കൈപ്പറ്റുന്നതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര്, ആധാർ നം. /പെൻഷൻ ഐ.ഡി, അപാകത | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കെ.വി. രവീന്ദ്രൻ (732123962472)<br>മരണപ്പെട്ടതിനുശേഷം 8/2021 വരെ തുക കൈപ്പറ്റിയിട്ടുണ്ട് | 26.06.2020<br>വാർധക്യ പെൻഷൻ | 20700/- | നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 2 | മരിയ ഗൊരേത്തി (539842255195),<br>മരണപ്പെട്ടതിനുശേഷം 8/2021 വരെ തുക | 30.06.2020<br>വാർധക്യ പെൻഷൻ | 20700/- | നിലവിലുംആക്ടീവ് ആയി തുടരുന്നു |

| | കൈപ്പറ്റിയിട്ടുണ്ട് | | | |
|---|---|---|---|---|

1. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തില് പെൻഷൻ വിതരണംനടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെ നിരുത്തരവാദപരമായാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് വ്യക്തമാണ്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(4) കരാറുകാർക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഭൂരിഭാഗം പകർപ്പിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

(5) പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(6)കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യങ്ങളിൽ നിയമപ്രകാരമുള്ള തുടർ നടപടികളൊന്നും തന്നെ സ്വീകരിക്കുന്നില്ല.

(7)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/17.9.21)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-32 മെഡിക്കൽ ഓഫീസർ PHC കടമക്കുടി നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1. 2019-20 സാമ്പത്തിക വർഷം 2 പ്രോജക്ടുകളിലായി 327825/- രൂപയും 2020-21 ൽ 8പ്രോജക്ടുകളിലായി 1012810/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷങ്ങളിലെ പ്രോജക്ട് രേഖകൾക്കൊപ്പം ബന്ധപ്പെട്ട ട്രഷറി ബിൽ ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. പ്രോജക്ട് നം. 27/2020-21

| | |
|---|---|
| പ്രോജക്ടിൻെറ പേര് | പൊതുകാനകളുടെ ശുചീകരണവും അറ്റകുറ്റപ്പണികളും |
| പ്രോജക്ട് നമ്പർ | 27/20-21 |
| അടങ്കൽ | 400000/- |
| ചെലവ് | 95913/- |
| ബിൽ നം. | ബിൽ ബുക്ക് ഹാജരാക്കിയില്ല |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC , പിഴല |

മേൽ പ്രോജക്ടിനായി ആകെ 95913/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 44775/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 51138/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 51138/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെഡിക്കൽ ഓഫീസർ, PHCയെക്കൊണ്ട് ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിലെ അനൗചിത്യം ബന്ധപ്പെട്ടവർ പരിഗണിക്കേണ്ടതാണ്.

3. പ്രോജക്ട് നം. 125/2020-21

| | |
|---|---|
| പ്രോജക്ടിൻെറ പേര് | പൊതുജനാരോഗ്യപ്രവർത്തനം |
| പ്രോജക്ട് നമ്പർ | 125/20-21 |

| | |
|---|---|
| അടങ്കൽ | 90619/- |
| ചെലവ് | 90619/- |
| ബിൽ നം. | ബിൽ ബുക്ക് ഹാജരാക്കിയില്ല |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC , പിഴല |

മേൽ പ്രോജക്ടിനായി ആകെ 90619/- രൂപ ചെലവവിച്ചതിൽ 41760/- രൂപയുടെ ചെലവ് വിവരങ്ങളിൽ കൊതുക നശീകരണ പ്രവർത്തനങ്ങൾക്കായുള്ള വൗച്ചറുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ ബാക്കി 48859/- രൂപയുടെ ചെലവ് PK Steels Invoice No. B 022/09.02.20, Steel Boards പ്രകാരം കാണിച്ചിട്ടുണ്ട്. എന്നാൽ ഈ സ്റ്റീൽ ബോർഡുകൾ എന്തിനായി ഉപയോഗിച്ചിരിക്കുന്നു എന്ന് വ്യക്തമല്ല.

4. പ്രോജക്ട് ഫയലുകൾ എല്ലാ ചെലവു രേഖകളും സഹിതം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് പരിശോധിച്ച് മറുപടിലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട നൽകിയ ഓഡിറ്റ്എൻക്വയറിക്ക് ( No. 19) ലഭ്യമാക്കിയ മറുപടിയിൽ ബിൽ ബുക്കുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത ഭാവിയിൽ ഉറപ്പുവരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നം. 27/2020-21 പൊതുകാനകളുടെ ശുചീകരണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച് 51138/- രൂപയുടെ ചെലവ് രേഖകൾ ഓഫീസ് രേഖകൾ പരിശോധിച്ചതിൽ ലഭ്യമായില്ല, ഇത് വീണ്ടെടുത്ത് ഓഡിറ്റിനായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നം. 125/20-21 പൊതുജനാരോഗ്യപ്രവർത്തനം രേഖകളിലെ കുറവുകൾ ഒഴിവാക്കി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമാക്കാത്ത തുക 51138/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള കൺസൾട്ടൻസി ഫീസ് - അപാകത

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/പേര് | എസ് 131 / ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള കൺസൾട്ടൻസി ഫീസ് |
| അടങ്കൽ | 80105 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് വിവരം | 1) 37674/-((ബിൽ നമ്പർ/തീയതി-01/2020-21/23.01.2021)<br>2) 37674/-((ബിൽ നമ്പർ/തീയതി-07/2020-21/12.10.2020)<br>-----------<br>75348 – ആകെ |

കടമക്കുടി ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു മാലിന്യ വസ്തുക്കൾ ശേഖരിക്കുന്നതിന് സേനാംഗങ്ങളെ പ്രാപ്തരാക്കുന്നതിനും പെലിക്കൺ ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. കൺസൾട്ടൻസി ഫീസ് ഇനത്തിൽ 75348/-രൂപന 2020-21 വർഷം ചെലവഴിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ-20 നൽകിയതിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് താഴെ പ്രറയുന്ന അപാകതകൾ രേഖപ്പെടുത്തുന്നു.

1) പെലിക്കൺ ഫൗണ്ടേഷൻ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ സംബന്ധച്ച് സമഗ്രമായ റിപ്പോർട്ട് പഞ്ചയത്തിന് നൽകിയിട്ടില്ല.

2) ടി സ്ഥാപനം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഏകോപിപ്പിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. എന്നാൽ ലഭ്യമാക്കിയ മറുപടിയിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകുകയും സർവ്വേ നടത്തുകയും ചെയ്തിരുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. സർവ്വേ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ സർവ്വേ കാര്യക്ഷമമായി നടത്തിയെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

3) നിലവിൽ പ്ലാസ്റ്റിക്, ഖരമാലിന്യം ശേഖരണം നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഒന്നും തന്നെ സ്ഥാപനം നടത്തിയതായി കാണുന്നില്ല. കടമക്കുടി ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷം എത്ര ടൺ മാലിന്യം ശേഖരിച്ചുവെന്നതിന് ആധാരമായ രേഖകൾ ലഭ്യമല്ല.
4) ഇതുമായി ബന്ധപ്പെട്ട് സ്ഥാപനം ഏർപ്പെടുത്തിയ താൽകാലിക ജീവനക്കാരിയായ ശ്രീമതി ലക്ഷ്മി വി.ജി. , വില്ലുമംഗലത്ത് കളരി-യ്ക്ക് സ്ഥാപനം ശമ്പളം നൽകിയില്ലായെന്ന് പരാതിപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം പഞ്ചായത്തിൽ നിന്നും കൺസൽട്ടൻസി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## 1-34 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ.

1. നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് കാലയളവിൽ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക് ടി.ആർ 7(A) മാതൃകയിൽ തയ്യാറാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിൻെറ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം വിതരണം |
| പ്രോജക്ട് നമ്പർ | 41/ 2020-21 |
| അടങ്കൽ | 1,20,000/- |
| ചെലവ് | 1,20,000/- |
| ബിൽ നം. | 4/20-21 , 18.03.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

A. മേൽ പദ്ധതി പ്രകാരം 15 കുട്ടികൾക്ക് 8000/- രൂപ നിരക്കിൽ മേശയും കസേരയും വാങ്ങി വിതരണം ചെയ്തതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. എന്നാൽ വിതരണ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

B. ക്ഷേമനിധി വിഹിതം അടവാക്കിയത് സംബന്ധിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്ക് പകർപ്പ് ഒരു കുട്ടിയുടെത് മാത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താവ് നിലവിൽ ക്ഷേമനിധി അംഗത്വം ഉള്ളയാൾ ആണോ എന്നത് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

2.

| | |
|---|---|
| പ്രോജക്ടിൻെറ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് |
| പ്രോജക്ട് നമ്പർ | 42/20-21 |
| അടങ്കൽ | 450000/- |
| ചെലവ് | 426060 |
| ബിൽ നം. | 3/20-21, 18.03.21 , 170424/-<br>6/20-21, 18.03.21, 255636/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

A. മേൽ പദ്ധതി പ്രകാരം 15 കുട്ടികൾക്ക് 426060/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും ACER ലാപ് ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| Invoice No. / Acer India P. Ltd. | QTY | Amount |
|---|---|---|
| PYS121009037/06.11.21 | 1 | 27109.26 |
| PYS121009035/06.11.21 | 6 | 162655.57 |
| PYS121009347/06.11.21 | 8 | 216874.10 |
| Total | 15 | 406638.93 |

B. ഇൻവോയ്സ് പ്രകാരം യഥാർഥത്തിൽ ചെലവായത് 406638.93 രൂപയാണ്. എന്നാൽ 426060/-രൂപ മേൽ പദ്ധതിക്കായി ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വ്യത്യാസം 19421/-

C. ക്ഷേമനിധി വിഹിതം അടവാക്കിയത് സംബന്ധിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്ക് പകർപ്പ് ഒരു കുട്ടിയുടെത് മാത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താവ് നിലവിൽ ക്ഷേമനിധിഅംഗത്വം ഉള്ളയാൾ ആണോ എന്നത് പരിശോധിക്കുവാൻ സാധിക്കുന്നില്ല.
D. പ്രോജക്ട് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ കൃത്യമായി രേഖപ്പെടുത്തി പെർമനൻറ് ആയി സൂക്ഷിച്ചാൽ മാത്രമേ ആനുകൂല്യങ്ങൾ തുടർവർഷങ്ങളിൽ ഒരേ ഗുണഭോക്താവിന് ആവർത്തിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കാനാവുകയുള്ളൂ.

മേൽ അപാകതകൾ സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾപരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-35 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ കൈപ്പറ്റിയിരിക്കുന്ന താഴെ പറയും പ്രകാരമുള്ള തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.22 ) മറുപടി ലഭ്യമാക്കിയില്ല. തുക 195000/- രൂപ തടസ്സപ്പെടുത്തുന്നു.

| തീയതി | ചെക്ക് നം | തുക |
|---|---|---|
| 27.05.2020 | 02024166 | 1,95,000/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബിറ്റുമിൻ ഉപയോഗത്തിനനസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല.

2020-21 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്കഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബിറ്റ്യുമിന്റെ അളവ് | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|---|
| | | | | ബാരൽ വില | ജി.എസ്.ടി |
| 1 | ഐലന്റ് ആർട്ട്സ് ക്ലബ് റോഡ് മെയിന്റനൻസ് (96/20)<br>പി.വി.ജോസഫ്<br>എം.ബുക്ക്- 75/19-20<br>ബിൽ നം. 14/14.8.20 – 772787/-<br>28/17.12.20 – 72521/- | വി.ജി-30 - 2781kg<br>ആർ.എസ്.1 – 304kg<br>എസ്.എസ്.1 -382kg | 21 | 4998 | 903 |
| 2 | ചേന്നൂർ പിഴലക്കടവ് റോഡ് റീടാറിംഗ് (149/21) പി.വി.ജോസഫ്<br>എം.ബുക്ക്- 58,198/20-21<br>ബിൽ നം. 50/28.3.21 – 1192564/- | വി.ജി-30 - 8056.85kg<br>ആർ.എസ്.1 – 725.63kg | 54 | 12852 | 2322 |
| | ആകെ | | | 17850 | 3255 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 375000 | വൃദ്ധർക്ക് കട്ടിൽ (109/21) | 375000 |
| | 2020-21 | 750000 | അംഗൻവാടി പോഷകാഹാരം (82/21) | 750000 |
| | 2020-21 | 120764 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ (28/21) | 120764 |
| | ആകെ | 1245764 | | 1245764 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1057258 | ഇ.പി ഫ്രാൻസിസ് റോഡ് (P-123/21) | 1057258 |
| | 2020-21 | 911037 | ആൻഡ്രൂസ് റോഡ് (P-118/21) | 911037 |
| | 2020-21 | 787756 | മൂലമ്പള്ളി മെയിൻ റോഡ്(P-165/21) | 787756 |
| | 2020-21 | 1050000 | ചാരിയംതുരുത്ത് പുതുശ്ശേരി റോഡ് (P-142/21) | 1050000 |
| | 2020-21 | 90000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (P-13/21) | 90000 |
| | 2020-21 | 978435 | മൂലമ്പള്ളി റേഷൻകട റോഡ് (P-195/21) | 978435 |

| | | | | |
|---|---|---|---|---|
| | 2020-21 | 681476 | മാതൃ തോട്ടക്കാത്ത് റോഡ് (P-196/21) | 681476 |
| | 2020-21 | | സ്കോളർഷിപ്പ് തുക റീഫണ്ട് | 18750 |
| | ആകെ | 5555962 | | 5574712 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1)71/20-21-28.03.2021-18230/-<br>2)02/20-21-12.05.2020-65608/-<br>3)26/20-21-08.09.2020-36040/-<br>4)57/20-21-09.02.2021-36005/-<br>5)83/20-21-18.03.2021-7955/-<br>6)46/20-21-13.01.2021-57692/-<br>7)70/20-21-28.02.2021-9551/-<br>8)82/20-21-18.03.2021-6571/-<br>9)73/20-21-28.02.2021-31774/- | 269426 | -- | 269426 |
| കേരള വാട്ടർ അതോറിറ്റി | | 1)96/20-21-28.03.2021-1,50,000/-<br>2)97/20-21-28.03.2021-9,50,000/-<br>3)66/20-21-18.02.2021-175000/-<br>4)67/20-21-18.02.2021-50000/- | 1392000 | -- | 1392000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്, തിരിച്ചടവ് എന്നിവയില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംവരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56577999 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68839003 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21105 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 401038 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 3-1 | | 17850 | ശ്രീ.സുരേഷ് കുമാർ.പി.എസ്, അസി എഞ്ചിനിയർ |
| ആകെ | - | 17850 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 150000 | ഡോ.രശ്മി.വി.എൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-28 | 4900 | ശ്രീമതി.ഷാർമിള ടോമി, എച്ച്.എം, ജി.വി.എച്ച്.എസ്.എസ്, കടമക്കുടി |
| 1-32 | 51138 | ഡോ.മനോജ് അഗസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടമക്കുടി |
| 1-35 | 195000 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത് |
| ആകെ | 401038 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3255 | ശ്രീ.സുരേഷ് കുമാർ.പി.എസ്, അസി എഞ്ചിനിയർ |
| ആകെ | 3255 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി. എൻ.എം.ശോഭനാകുമാരി, സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത് | മഹേന്ദ്രവിലാസ്, തിരുമലഭാഗം. പി.ഒ, ഉറവൂർ, ചേർത്തല 688540 |
| 2 | ശ്രീ.സുരേഷ് കുമാർ.പി.എസ്, അസി എഞ്ചിനിയർ | അസി എഞ്ചിനിയർ, കടമക്കുടി ഗ്രാമ പഞ്ചായത്ത് | ഹൗസ് നം.3/207ബി, വെട്ടിക്കൽ.പി.ഒ, എറണാകുളം |
| 3 | ഡോ.രശ്മി.വി.എൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം | വലിയകോടത്ത് ഹൗസ്, നീലേശരം |
| 4 | ശ്രീമതി.ഷാർമിള ടോമി, എച്ച്.എം, ജി.വി.എച്ച്.എസ്.എസ്, കടമക്കുടി | എച്ച്.എം.ജിവി. എച്ച്.എസ്.എസ്, കടമക്കുടി | മനയിൽ ഹൗസ്, മൂലംപിള്ളി, കടമക്കുടി.പി.ഒ |
| 5 | ഡോ.മനോജ് അഗസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടമക്കുടി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കടമക്കുടി | ചെമ്പരത്തിഹൗസ്, തോട്ടുമുഖം,പി.ഒ, കീഴ്മാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളത്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി3) 921/01 തീയതി 07-12-2001 |
| 1999-2000 | എൽ.എഫ്.ഇ(പി3) 1646/01 തീയതി 03-06-2002 |
| 2000-01 | എൽ.എഫ്.ഇ(പി3) 329/05 തീയതി 06-01-2006 |
| 2001-02 | എൽ.എഫ്.ഇ(പി3) 1345/03 തീയതി 05-02-2004 |
| 2005-06 | എൽ.എഫ്.ഇ(പി3) 1347/09 തീയതി. 27-05-2010 |
| 2006-07 | എൽ.എഫ്.ഇ(പി3) 1375/09 തീയതി. 12-02-2001 |

| | |
|---|---|
| 2007-08 | എൽ.എഫ്.ഇ(പി8) 1066/10 തീയതി 01-08-2011 |
| 2008-09 | എൽ.എഫ്.ഇ(പി8) 1067/10 തീയതി 01-08-2011 |
| 2009-10 | എൽ.എഫ്.ഇ(പി8) 996/11 തീയതി 10-04-2012 |
| 2010-11&2011-12 | എൽ.എഫ്.ഇ(പി6) 1310/13 തീയതി18-07-2013 |
| 2012-13&2013-14 | എൽ.എഫ്.ഇ(പി10) 1899/14 തീയതി. 21-01-2015 |
| 2014-15 | കെ.എസ് .എ ഇ.കെഎം(പി10) 883/216 തീ. 06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി10)2125/216 തീയതി 15.12.216 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി10) 1271/17 തീയതി 17.07.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി 10)12/19 തീ. 30-01-19/07-03-19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി 10)2099/19 തീ. 01.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി 10)1286/21 തീ.08.12.2021 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്